# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4714 — 26.06.2019 ൽ മറുപടിയ്ക്ക്

### കുട്ടനാട്ടിലെ നാളികേര ഉൽപാദനം വർദ്ധിപ്പിക്കുവാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| കുട്ടനാട്ടിലെ നാളികേര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും തെങ്ങ് കൃഷി വ്യാപിപ്പിക്കുന്നതിനുമായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | ഉണ്ട്. അപ്പർ കുട്ടനാട് മേഖലയായ തിരുവല്ലയിൽ നാളീകേര വികസന ബോർഡ് പദ്ധതി പ്രകാരം രോഗം ബാധിച്ചതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചുമാറ്റി പകരം പുതിയ തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, തെങ്ങിൻ തോപ്പുകളിലെ സംയോജിത പരിപാലനം എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ നാളികേര വികസന കൗൺസിൽ പദ്ധതിയുടെ ഭാഗമായി കേരഗ്രാമം നടപ്പിലാക്കിയ പെരിങ്ങര, നെടുമ്പ്രം, കുറ്റൂർ, നിരണം പഞ്ചായത്തിലെ 55 വാർഡുകളിലും കോട്ടയം ജില്ലയിൽ ഉൾപ്പെടുന്ന നോർത്ത് കുട്ടനാട്ടിലെ വൈക്കം, ചങ്ങനാശ്ശേരി താലൂക്കുകളിലെ കേരഗ്രാമം നടപ്പാക്കിയ പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും, 75 അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വീതം 50% സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ 2018-19 -ൽ നടപ്പിലാക്കിയ കേരഗ്രാമം പദ്ധതിപ്രകാരമുള്ള രണ്ടാം വർഷ ആനുകൂല്യം 250 ഹെക്ടറിന് നല്കുന്നതിന് 20.00844 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പുവർഷം ആവിഷ്കരിച്ചിട്ടുണ്ട്. തോട്ടത്തിലെ സംയോജിത പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനായുള്ള നാളികേര വികസന ബോർഡ് പദ്ധതികളും കോട്ടയം ജില്ലയിലെ നോർത്ത് കുട്ടനാട് മേഖലയിൽ നടപ്പാക്കിവരുന്നുണ്ട്.<br>കുട്ടനാട്ടിലെ നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും തെങ്ങ് കൃഷി വ്യാപിപ്പിക്കുന്നതിനും നാളികേര വികസന ബോർഡ് പദ്ധതികളായ റീപ്ലാന്റിംഗ് ആന്റ് റെജുവിനേഷൻ, മാതൃക കൃഷിത്തോട്ടം തയ്യാറാക്കൽ (LoDP) എന്നിവ ചമ്പക്കുളം, രാമങ്കരി, അമ്പലപ്പുഴ ബ്ലോക്കുകളിലെ കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ 2018 ആഗസ്റ്റ് |

മാസത്തിലെ വെള്ളപ്പൊക്കത്തെ തുടർന്ന് പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി അധിക ഫണ്ട് നാളികേര വികസന ബോർഡ് മേൽ പദ്ധതികൾക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ ആലപ്പുഴ ജില്ലാ പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന ജനകീയാസൂത്രണ പദ്ധതിയായ പാടശേഖരങ്ങളിലെ ബണ്ടുകളിൽ തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ പദ്ധതിയും കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കിവരുന്നു. 2018-19 വർഷം ഇതിലേക്കായി 17,777 തെങ്ങിൻ തൈകളാണ് കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ 11 പഞ്ചായത്തുകളിൽ നൽകിയത്.

Mayap

**സെക്ഷൻ ഓഫീസർ**